**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3594  20.10.2016 ൽ മറുപടിക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഷൊർണ്ണൂർ മണ്ഡലത്തിൽ മുൻ സർക്കാർ കാലയളവിലും, അതിനു മുൻകാലഘട്ടങ്ങളിലും പ്രവൃത്തികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ മരാമത്തു പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻ കീഴിൽ മുൻ സർക്കാർ കാലയളവിലും അതിന് മുൻകാലഘട്ടങ്ങളിലും പ്രവൃത്തികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ മരാമത്തു പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. ഗവ. ഹയർ സെക്കന്ററി സ്കൂൾ ചെർപ്പുളശ്ശേരിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തൽ.<br>2. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ വെയർ ഹൗസ് നിർമ്മാണം.<br>3. ഗവൺമെന്റ് ഹൈസ്കൂൾ ചെർപ്പുളശ്ശേരിയിൽ 8 ക്ലാസ് മുറികളുടെ നിർമ്മാണം.<br>പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ-കവളപ്പാറ റോഡിൽ 0/00 മുതൽ 4/760 വരെ ബി.എം.ബി.സി. പ്രവൃത്തിയാണ് പൂർത്തീകരിക്കാനുള്ളത്. |
| ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ; | ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ |

| | | |
|---|---|---|
| | | ചെർപ്പുളശ്ശേരിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തൽ പ്രവൃത്തി 80% പൂർത്തിയായി. ബാക്കി പണികൾ 2 മാസത്തിനകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ വെയർ ഹൗസ് നിർമ്മാണത്തിന് 20.6.2016ൽ എഗ്രിമെന്റ് വെച്ചു. പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കും.<br>3.ഗവൺമെന്റ് ഹൈസ്കൂൾ ചെർപ്പുളശ്ശേരിയിൽ 8 ക്ലാസ് മുറികളുടെ നിർമ്മാണം 15% പണിപൂർത്തിയായി ബാക്കി പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കും.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തി 31.12.2016നു മുമ്പ് പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു. |
| സി) | നടപ്പു സാമ്പത്തികവർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരാമത്തു പ്രവൃത്തികൾ ഏതെല്ലാം; | സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ<br>1.ജില്ലാ ട്രഷറി ചെർപ്പുളശ്ശേരി നിർമ്മാണം- പി.ഡബ്ല്യുഡി അല്ലാതെ വേറെ ഏജൻസി വഴിയാണ് നിർമ്മാണം.<br>2. കൂനത്തറ ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിട നിർമ്മാണം- പണിപൂർത്തിയായി.<br>3. ഷൊർണ്ണൂർ നം.1 &2 വില്ലേജ് ഓഫീസ് നിർമ്മാണം പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br>4.ജി.പി.ടി.ഷൊർണ്ണൂർ- മെൻസ് ഹോസ്റ്റൽ നിർമ്മാണം-മേൽ പ്രവൃത്തി ആവശ്യമില്ല.<br>5.ഐ.ടി.ഐവാണിയംകുളം നിർമ്മാണം- ഒന്നാംഘട്ടം പൂർത്തിയായി.<br>6.ജൂനിയർ ടെക്നിക്കൽ സ്കൂൾ ഷൊർണ്ണൂർ ചുറ്റുമതിൽ നിർമ്മാണം - പണി പൂർത്തിയായി.<br>7.ഷൊർണ്ണൂർ വെറ്റിനറി ആശുപത്രി നിർമ്മാണം – റിപ്പയർ പ്രവൃത്തികൾ മാത്രമേ ആവശ്യമുള്ളു. |

8. ഷൊർണ്ണൂർ മേഖല, എ.ഐ.സെന്റർ നിർമ്മാണം- പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

9.ഷൊർണ്ണൂർ ആർ.എ.ഐ.സി. സെന്ററിന്റെ റിപ്പയർ - പ്രവൃത്തികൾ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

10.ജി.പി.ടി.ഷൊർണ്ണൂർ- ലേഡീസ് ഹോസ്റ്റൽ നിർമ്മാണം- പൂർത്തീകരിച്ചു.

നിരത്തുവിഭാഗത്തിൽ

1. കാറൽമണ്ണ ചെർപ്പുളശ്ശേരി റോഡ് 0/00 - 1/655
2. കൊപ്പം പേങ്ങാട്ടിരി റോഡ് കി.മീ. 7/400 - 10/600
3. ഒറ്റപ്പാലം - പെരിന്തൽമണ്ണ റോഡ് കി.മീ. 10/00 - 17/00
4. വാണിയംകുളം - വല്ലപ്പുഴ റോഡ് കി.മീ. 0/00 - 10/600
5. വാണിയംകുളം - കോതകുർശ്ശി റോഡ് കി.മീ. 0/00 - 6/600
6. എരവത്തറ - വല്ലപ്പുഴ റോഡ് 0/00 - 4/00
7. കുളപ്പുള്ളി - എലിയപെറ്റ റോഡ് കി.മീ. 0/00 - 14/245
8. കുലുക്കല്ലൂർ - എരവത്ര റോഡ് 0/00 - 5/00
9. കുലുക്കല്ലൂർ റയിൽവേ സ്റ്റേഷൻ മാരായമംഗലം റോഡ് 0/00 - 5/00
10. നെല്ലായ - മപ്പാട്ടുകര റോഡ് കി.മീ. 0/00 - 4/00
11. നെല്ലായ - മാവുണ്ടിരിക്കടവ് റോഡ് കി.മീ. 0/00 - 5/300
12. വാണിയംകുളം മാന്നന്നൂർ റയിൽവേസ്റ്റേഷൻ റോഡ് കി.മീ. 0/0 - 4/500
13. ശ്രീകൃഷ്ണപുരം - മുറിയങ്കണ്ണി - ചെത്തലൂർ റോ ഡ് കി.മീ. 0/000 - 7/700 വരെ ബി.എം. & ബി.സി. ചെയ്യൽ
14. മാങ്ങോട് - വെള്ളിനേഴി റോഡ് കി.മീ.

| | | | |
|---|---|---|---|
| | | | 0/000 മുതൽ 2/000 വരെ ബി.എം.ബി.സി. ചെയ്യൽ<br>15. അടയ്ക്കാപുത്തൂർ-കല്ലുവഴി റോഡ് കി.മീ. 0/000 മുതൽ 5/600 വരെ ബി.എം & ബി.സി. ചെയ്യൽ |
| ഡി) | പ്രസ്തുത പ്രവൃത്തികളുടെ പണികൾ എപ്പോൾ തുടങ്ങാൻ കഴിയും ; അതിനായി എന്തു നടപടികൾ നാളിതുവരെ നടത്തി എന്നും വ്യക്തമാക്കുമോ; | ഡി) | കെട്ടിടവിഭാഗത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും എസ്റ്റിമേറ്റ് തുകയുടെ 20% എങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ലഭിക്കുകയും ചെയ്താൽ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ തുടങ്ങാൻ സാധിക്കുകയുള്ളു. നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികളുടെ ഡി പി ആർ തയ്യാറാക്കി വരുന്നു. |
| ഇ) | മണ്ഡലത്തിൽ ശോചനീയാവസ്ഥയുള്ള ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകൾ ഏതെല്ലാം എന്നും, ഇവ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | ഇ) | നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നെല്ലായ - മാവുണ്ടിരിക്കടവ് റോഡ് കി.മീ. 0/00 - 5/300 വരെയുള്ള റോഡാണ് ഷൊർണ്ണൂർ മണ്ഡലത്തിൽ ശോചനീയാവസ്ഥയിലുള്ളത്. ഈ പ്രവൃത്തി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഐറ്റം നമ്പർ 1463 ആയി 241 -ാം പേജിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ DPR തയ്യാറാക്കി വരുന്നു.<br>ഗ്രാമീണ റോഡുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ല. എന്നാൽ ഗ്രാമീണ റോഡുകൾ നവീകരിക്കാൻ പ്രത്യേക പാക്കേജായി പൊതുമരാമത്ത് വകുപ്പിനു പ്രത്യേക ഫണ്ട്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലെ, നൽകിയാൽ അത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ